# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 3691 — 11/11/2019-ൽ മറുപടിയ്ക്ക്.

## ആശ്രിതനിയമനം

| ചോദ്യം<br>ശ്രീ.അനിൽ അക്കര | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| (എ) സമാശ്വാസ തൊഴിൽദാന പദ്ധതിപ്രകാരം വിവിധ തസ്തികകളിൽ നിയമനം കാത്ത് പൊതുഭരണ (സി.ഇ.സെൽ) വകുപ്പിലെ റാങ്ക് ലിസ്റ്റിൽ നിലവിൽ എത്ര പേരാണുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) 1) എൽ.ഡി.ക്ലർക്ക് തസ്തികയിൽ 287 പേർ,<br>2) അസിസ്റ്റന്റ് തസ്തികയിൽ 56 പേർ,<br>3) ആഡിറ്റർ തസ്തികയിൽ 15 പേർ,<br>4) ലീഗൽ അസിസ്റ്റന്റ് തസ്തികയിൽ 4 പേർ,<br>5) വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ തസ്തികയിൽ 4 പേർ എന്നീ ക്രമത്തിൽ അപേക്ഷകർ നിയമനം കാത്ത് നിൽക്കുന്നുണ്ട്. |
| (ബി) 01.01.2019 മുതൽ നാളിതുവരെ വിവിധ വകുപ്പുകളിൽ നിന്നും എത്ര ഒഴിവുകൾ പ്രസ്തുത സെല്ലിലേയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് അറിയിക്കാമോ; | (ബി) 01/01/2019 മുതൽ നാളിതുവരെ ഓഫീസ് അറ്റന്റന്റ് തസ്തികയിൽ 20 ഒഴിവുകളും, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ തസ്തികയിൽ 40 ഒഴിവുകളും, സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-II തസ്തികയിൽ 25 ഒഴിവുകളും, എൽ.ഡി.ക്ലർക്ക് തസ്തികയിൽ 210 ഒഴിവുകളും, സിവിൽ എക്സൈസ് ഓഫീസർ തസ്തികയിൽ 30 ഒഴിവുകളും ആശ്രിതനിയമന പദ്ധതിപ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (സി) ആയതിൽ എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് തസ്തികയും വകുപ്പും തിരിച്ച് വിശദമാക്കുമോ; | (സി) വിദ്യാഭ്യാസ വകുപ്പ്, സബോർഡിനേറ്റ് ജുഡീഷ്യറി എന്നിവയിൽ ഓരോരുത്തർക്ക് വീതവും, ഗ്രാമവികസന വകുപ്പിൽ 4 പേർക്കും, പൊതുഭരണ |

വകുപ്പിൽ 13 പേർക്കും, സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പിൽ ഒരാൾക്കും ഓഫീസ് അറ്റന്റന്റ് തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. ഗ്രാമവികസന വകുപ്പിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ തസ്തികയിൽ 40 പേർക്കും, എക്സൈസ് വകുപ്പിൽ സിവിൽ എക്സൈസ് ഓഫീസർ തസ്തികയിൽ 8 പേർക്കും, സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-II തസ്തികയിൽ 13 പേർക്കും നിയമനം നൽകിയിട്ടുണ്ട്. ഹോമിയോപ്പതി ഡിപ്പാർട്ട്മെന്റിൽ 7 സൂപ്പർന്യൂമററി എൽ.ഡി.ക്ലാർക്കുമാരെ റഗുലറൈസ് ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.